

സംസ്ഥാന സ്കൂൾ കലോൽസവത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയിൽ വർണക്കുടകളുമായി അണിനിരന്ന തിരുവനന്തപുരം ഹോളി ഏയ്ഞ്ചൽസ് എച്ച്എസ്എസ് വിദ്യാർഥികൾ. ചിത്രം. മനോരമ

metrotvm@mm.co.in
മെട്രോ മനോരമ
19 ജനുവരി 2016 ചൊവ്വ
1191 മകരം 05

# കലയാലിയാകി

- സംസ്ഥാന സ്കൂൾ കലോൽസവത്തിന് നാടൊന്നാകെ
- ബൈക്ക് റൈഡിങ്, സൈക്ലിങ്, റോളർ സ്കേറ്റിങ്....
- കസവ് ചുറ്റി കുട്ടികൾ, വരവേൽപ്പേകി നഗര സംഘടനകൾ

തിരുവനന്തപുരം ● സംസ്ഥാന സ്കൂൾ കലോൽസവത്തിന്റെ വരവ് അറിയിച്ചു നഗരത്തെ പുളകം കൊള്ളിച്ചു ഘോഷയാത്ര. കലാരൂപങ്ങളും വാദ്യ ഉപകരണങ്ങളും കുട്ടികളും ഒക്കെയായി ഘോഷയാത്ര പൊടിപൊടിച്ചു. വരാൻപോകുന്ന അടിച്ചുപൊളി പടത്തിന്റെ ട്രെയിലറിനെ ഓർമിപ്പിക്കുന്ന രീതിയിൽ തകർപ്പൻ ഐറ്റങ്ങളാണ് യാത്രയിൽ അണിനിരന്നത്. പാളയം സംസ്കൃത കോളജിൽ നിന്ന് ആരംഭിച്ച ഘോഷയാത്ര കലോൽസവത്തിന്റെ പ്രധാന വേദിയായ പുത്തരിക്കണ്ടത്തു സമാപിച്ചു.

ജില്ലയിൽ നിന്നുള്ള അൻപതിലധികം സ്കൂളിൽ നിന്നുള്ള ആറായിരത്തിലധികം കുട്ടികളും അധ്യാപകരും ഘോഷയാത്രയിൽ പങ്കാളികളായി. റെക്കോർഡിന് ഉടമയായ ആതിര മുരളിയുടെ നേതൃത്വത്തിൽ 56 ബുള്ളറ്റുകൾ പങ്കെടുത്ത ബൈക്ക് റൈഡിങ്, സൈക്ലിങ്, റോളർ സ്കേറ്റിങ്, പൊലീസ് അശ്വാരൂഢ സേന, ബാൻഡ് മേളം, മാർഷ്യൽ ആർട്സ്, നിശ്ചലദൃശ്യങ്ങൾ എന്നിവ ഘോഷയാത്രയ്ക്കു മാറ്റേകി. വൈകിട്ടു മൂന്നോടെയാണു ഘോഷയാത്ര ആരംഭിച്ചതെങ്കിലും ഉച്ചമുതൽ തന്നെ ഇതു കാണാനായി തൃശൂർ പൂരത്തിനുള്ള ആളുകൾ എത്തിയിരുന്നു. ഘോഷയാത്രയിൽ പങ്കെടുക്കാൻ പെൺകുട്ടികൾ കസവു സാരിയും സെറ്റ്മുണ്ടും അണിഞ്ഞ് എത്തിയപ്പോൾ ആൺകുട്ടികൾ മുണ്ടും ഷർട്ടും അണിഞ്ഞാണ് എത്തിയത്.

മുത്തുക്കുടകളും വെഞ്ചാമരവും കൂടുതൽ മിഴിവു നൽകി. ഒപ്പം നാടോടിനൃത്തം, കരകാട്ടം, തെയ്യം തുടങ്ങിയ കലാരൂപങ്ങൾ ഘോഷയാത്രയെ രസമയമാക്കി.

എൻഎസ്എസ്, എൻസിസി, സ്റ്റുഡന്റ് പൊലീസ് കെഡറ്റ് എന്നിവയിലെ കുട്ടികളും ഘോഷയാത്രയിൽ പങ്കാളികളായി. തലസ്ഥാനത്തേക്ക് ഏഴു വർഷം കഴിഞ്ഞ് എത്തുന്ന ഘോഷയാത്രയ്ക്കു യോജിച്ച സ്വീകരണം നൽകുന്ന രീതീയിലാണു തലസ്ഥാനത്തെ കുട്ടികളും അധ്യാപകരും ചേർന്നു ഘോഷയാത്ര സംഘടിപ്പിച്ചത്.

പാട്ടുകളും ചെണ്ട, ചേങ്ങില തുടങ്ങിയവയും കൊഴുപ്പ് കൂട്ടാൻ ഉണ്ടായിരുന്നു.

തലസ്ഥാനജില്ലയിലെ കുട്ടികളാണു ഘോഷയാത്രയിൽ പങ്കെടുത്തതെങ്കിലും ഭൂരിപക്ഷം ജില്ലകളിലെയും കലാരൂപങ്ങൾ യാത്രയിൽ ഉണ്ടായിരുന്നു. വിവിധ സർക്കാർ ഏജൻസികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സാംസ്കാരിക സംഘടനകൾ, ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ, വ്യാപാരി വ്യവസായി സംഘടനകൾ എന്നിവ ഉൾപ്പെട്ട പത്തോളം നിശ്ചലദൃശ്യങ്ങൾ ഘോഷയാത്രയിൽ അണിനിരന്നു.

ഘോഷയാത്രയിൽ പങ്കാളികളായ കുട്ടികൾക്കു വിവിധയിടങ്ങളിൽ വച്ചു ശ്രീമൂലം ക്ലബ്, മിൽമ, ലയൺസ് ക്ലബ്, ട്രിവാൻഡ്രം ക്ലബ്, വ്യാപാരി വ്യവസായി സമിതി എന്നിവ ലഘു ഭക്ഷണ വിതരണവും നടത്തി. ഘോഘയാത്ര ഡിജിപി: ടി.പി. സെൻകുമാർ ഫ്ളാഗ്ഓഫ് ചെയ്തു. മന്ത്രി പി.കെ. അബ്ദുറബ്ബ്, കെ.എസ്. ശബരീനാഥൻ എംഎൽഎ, മേയർ വി.കെ. പ്രശാന്ത്, ഡിപിഐ: എം.എസ്. ജയ തുടങ്ങിയവർ പങ്കെടുത്തു.



സംസ്ഥാന സ്കൂൾ കലോൽസവത്തിൽ പങ്കെടുക്കാൻ തിരുവനന്തപുരം റയിൽവേ സ്റ്റഷനിലെത്തിയ കാസർകോട്ടുനിന്നുള്ള ആദ്യസംഘത്തെ കെ-.എസ് ശബരിനാഥൻ എംഎൽഎ, മേയർ വി.കെ പ്രശാന്ത് എന്നിവർ ചേർന്നുള്ള സംഘം സ്വീകരിക്കുന്നു. ചിത്രം. മനോരമ

## വർണപ്പൂക്കളും മധുരവുമായി ആദ്യസംഘത്തിന് സ്വാഗതം

**● റയിൽവേ സ്റ്റേഷനിലെത്തിയ കാസർകോട് സംഘത്തിനു ഹൃദ്യസ്വീകരണം**

തിരുവനന്തപുരം ● കൃത്യം 7.15നു കലോൽസവത്തിന്റെ ആവേശങ്ങളിലേക്ക് അവർ വന്നിറങ്ങി; കാസർകോട്ടു നിന്നുള്ള ആദ്യ വിദ്യാർഥിസംഘം. 6.30 മുതൽ തന്നെ, 'മാവേലി' എത്തുന്നതും കാത്തു റയിൽവേ സ്റ്റേഷനിൽ സ്വീകരണ കമ്മിറ്റിക്കാർ നിലയുറപ്പിച്ചിരുന്നു. മൽസരഭൂമിയിലിറങ്ങുന്ന ആദ്യ പ്രതിഭകൾക്കു സ്വാഗതമേകാൻ മേയർ വി.കെ. പ്രശാന്തും വിദ്യാഭ്യാസ മന്ത്രിയുടെ പ്രതിനിധിയായി കെ.എസ്. ശബരീനാഥൻ എംഎൽഎയും എത്തി. വെൽക്കം ബാനർ, പല വർണപ്പൂക്കൾ, മധുരം... നിറചിരിയോടെ കുട്ടികൾ.. ആരാണീ കൊച്ചു വിഐപികൾ എന്നറിയാനുള്ള ആകാംക്ഷയോടെ യാത്രക്കാരും തടിച്ചുകൂടിയപ്പോൾ സ്വീകരണം ആഘോഷമായി. മേയർക്കും എംഎൽഎയ്ക്കും സ്വീകരണം ഒരുക്കിയവർക്കും നന്ദി പറഞ്ഞ്, കാഴ്ചക്കാർക്കു നേരെ കൈകൾ വീശി 'കൊച്ചുതാരങ്ങൾ' താമസസൗകര്യം ഒരുക്കിയിട്ടുള്ള സ്കൂളുകളിലേക്കു പോയി. റയിൽവേ സ്റ്റേഷനിൽ നിന്നു കുട്ടികളെ താമസസ്ഥലങ്ങളിൽ എത്തിക്കാൻ പ്രത്യേക വാഹനങ്ങൾ ഏർപ്പെടുത്തിയിരുന്നു.

## പൂരപ്പറമ്പൊരുങ്ങി; ഇന്നത്തെ സന്ധ്യയിൽ മോഹിനിയാട്ടം മുതൽ അക്ഷരശ്ലോകം വരെ

**● ഉദ്ഘാടനത്തെത്തുടർന്ന് ഉണരാനിരിക്കുന്നതു 13 വേദികൾ**

തിരുവനന്തപുരം ● കലയുടെ പൂരം കൊടിയേറിയ ഇന്നു വേദികളിൽ ആസ്വദിക്കാൻ മോഹിനിയാട്ടം മുതൽ അക്ഷരശ്ലോകം വരെ. പതിവായി കലോൽസവത്തിന്റെ ആദ്യദിനത്തിൽ ഉണ്ടാകാറുള്ള മൽസരരാഹിത്യം ഇക്കുറിയില്ല. ഉദ്ഘാടനത്തിനുശേഷം ആറു മണിയോടെ അരങ്ങുണർത്താൻ തയാറെടുത്തിരിക്കുന്നതു 13 വേദികളാണ്.

പ്രധാന വേദിയായ പുത്തരിക്കണ്ടം മൈതാനത്ത് ഉദ്ഘാടന സമ്മേളനത്തിനുശേഷം ഹൈസ്കൂൾ വിഭാഗം മോഹിനിയാട്ടം തുടങ്ങും. രണ്ടാം വേദിയായ പൂജപ്പുര മൈതാനത്തു ഹയർ സെക്കൻഡറി തിരുവാതിരക്കളിയാണ് ഇന്ന്. ഗവ. വിമൻസ് കോളജ് ഓഡിറ്റോറിയത്തിലെ മൂന്നാം വേദിയിൽ ഹൈസ്കൂൾ ആൺകുട്ടികളുടെ കുച്ചിപ്പുഡിയും നാലാം വേദിയായ വിജെടി ഹാളിൽ ഹയർ സെക്കൻഡറി പെൺകുട്ടികളുടെ ഭരതനാട്യവും ഇന്ന് ആസ്വദിക്കാം. സെന്റ് ജോസഫ്സ് എച്ച്എസ്എസാണ് അഞ്ചാം വേദി. ഇവിടെ ഹയർ സെക്കൻഡറി മൂകാഭിനയം ഇന്നു നടക്കും. കോട്ടൺഹിൽ സ്കൂളിൽ ഹയർ സെക്കൻഡറി പഞ്ചവാദ്യം ആറാം വേദിയെ ഉണർത്തും. എസ്എംവി സ്കൂളിലാണ് ഏഴാം വേദി. ഇവിടെ അറബിക് മോണോ ആക്ട് ഇന്നു നടക്കും.

മണക്കാട് ഗവ. ഗേൾസ് വിഎച്ച്എസ്എസിൽ (വേദി എട്ട്) ചമ്പു പ്രഭാഷണവും കോട്ടൺഹിൽ ഗവ. എൽപിഎസിൽ (വേദി ഒൻപത്) ഹയർ സെക്കൻഡറി ആൺകുട്ടികളുടെ ഓട്ടൻതുള്ളലുമാണ് ഉദ്ഘാടനദിനത്തിലെ കലാവിരുന്നുകൾ. പത്താം വേദിയായ തൈക്കാട് ഗവ. മോഡൽ എച്ച്എസ് എൽപിഎസിൽ ഹൈസ്കൂൾ ആൺകുട്ടികളുടെ കഥകളിയും പതിനൊന്നാം വേദിയായ ഹോളി ഏഞ്ചൽസ് എച്ച്എസ്എസിൽ ഹൈസ്കൂൾ ഓടക്കുഴലും ഇന്നത്തെ സന്ധ്യയിൽ ആസ്വദിക്കാം. വേദി പന്ത്രണ്ടിൽ (പബ്ളിക് ലൈബ്രറി) അക്ഷരശ്ലോകവും പതിമൂന്നിൽ (സ്വാതിതിരുനാൾ സംഗീത കോളജ്) ഹൈസ്കൂൾ ആൺകുട്ടികളുടെ ശാസ്ത്രീയ സംഗീതവും ഇന്നു കാതുകൾക്കു വിരുന്നാകും.

